(ഈ) ഇല്ല.

(എഫ്) ഈ ജോലിക്കുവേണ്ട തുക അലോട്ട ചെയ്തിട്ടില്ലാത്തതുകൊണ്ടും കൺട്രാക്ട് തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ടുമാണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: കഴിയുന്നതും വേഗത്തിൽ ജോലി ആരംഭിക്കുന്നതിനുവേണ്ട എന്തെങ്കിലും ചെയ്യുമോ;

ശ്രീ. ടി. കെ. നാരായണപിള്ള: തുക അലോട്ടുചെയ്താൽ ഉടൻതന്നെ ജോലി തുടങ്ങുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ജനകീയഗവണ്മെന്റ് വന്നതിനു ശേഷം നെയ്യാറ്റിൻകര താലൂക്കിൽ എത്ര കളങ്ങൾ വെട്ടിയിട്ടുണ്ടെന്നു പറയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: ജനകീയഗവണ്മെന്റ് വന്നതിനുശേഷം അവിടെ കളംവെട്ടുന്നതിനും മറ്റുമായി അനേകലക്ഷം രൂപ ചിലവുചെയ്തിട്ടുണ്ട്.

ROAD IN PANAMBUKAD—COCHIN

1047. [45] Sri. M. I. Paul: Will the Hon'ble Minister for Public Works be pleased to stats.—

(*a*) whether Government realise the necessity for a public road from North to South in Panambukad and Vallarpadum;

(*b*) if so, what action has been taken so;

(*c*) whether there were several representations in this connection; and

(*d*) if so, any reply or any action has been taken on that?

Chief Minister **Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) Inquiries are being made whether the required lands will be surrendered free of cost by the owners.

(*c*) There has been a representation from the local Panchayat.

(*d*) The work was placed before the Taluk Works Committe, who have asked for details regarding the free surrender of land. Further action will be taken after ascertaining the opinion of the Taluk Committee.

ശ്രീ. എം. ഐ. പോൾ: ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ സൌജന്യമായി വസ്തു ഉടമസ്ഥന്മാർ സ്ഥലം വിട്ടുതന്നാൽ മാത്രമെ റോഡുണ്ടാക്കുകയുള്ളു എന്നാണോ ഗവണ്മെണ്ടു് വെച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വസ്തു ഉടമസ്ഥന്മാർ സൌജന്യമായി സ്ഥലം വിട്ടുതരാൻ തയ്യാറുള്ളപക്ഷം റോഡുപണി പെട്ടെന്നുതന്നെ ഏറ്റെടുക്കുവാൻ ഗവണ്മെണ്ടിനു കൂടുതൽ സൌകര്യമുണ്ടായിരിക്കും.

ശ്രീ. എം. ഐ. പോൾ: മറ്റുള്ളസ്ഥലങ്ങളിലെല്ലാം വസ്തു ഉടമസ്ഥന്മാർ ഭൂമി സൌജന്യമായി വിട്ടുതന്നിട്ടാണോ റോഡുകൾ ഉണ്ടാക്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പല താലൂക്കുകളിലും റോഡിന്റെ ആവശ്യത്തിനായി ഭൂമി സൌജന്യമായി വിട്ടുതന്നിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: കൊച്ചിരാജ്യത്തു റോഡുണ്ടാക്കുന്നതു് വസ്തു ഉടമസ്ഥന്മാർ ഭൂമി സൌജന്യമായി വിട്ടുകൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ കൊച്ചിരാജ്യത്തെ കാര്യമല്ല പറയുന്നതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കാര്യമാണ് പറയുന്നതു്.

ശ്രീ. എം. ഐ. പോൾ: ഇതു കൊച്ചിരാജ്യത്തെ കാര്യമല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. തൃശ്ശൂർ ഡിസ്ട്രിക്ടിലെ കാര്യമാണ് ഞാൻ പറയുന്നതു്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെ പഴയ എസ്റ്റിമേറനുസരിച്ചുള്ള പണികഠതന്നെയും നടത്താതെ പണം ലാപ്സായിപോകുന്നതു്, തിരുവിതാംകൂറിലെ പുതിയ എസ്റ്റിമേറുകളനുസരിച്ചുള്ള പണികഠം ചെയ്യുതീർത്തിട്ടു് കൊച്ചിയിലെകാര്യം നോക്കാൻ സമയമില്ലാതെ വരുന്നതുകൊണ്ടല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പി. ഡബ്ലിയു. ഡി. ക്കു് ബാധകമായ ചില രൂളുകളുണ്ടു്. അതനുസരിച്ചാണു് ഈ പണികഠം നടത്തുന്നതു്.

ശ്രീ. എം. ഐ. പോൾ: റോഡിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡി. യുടെ രൂളെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കൊല്ലത്തിൽ അനുവദിച്ചിട്ടുള്ള തുകക്കു് അക്കൊല്ലം പണി നടന്നില്ലെങ്കിൽ അനുവദിച്ചിട്ടുള്ള തുക ലാപ്സായിപ്പോകും. പിന്നെ അടുത്തകൊല്ലമായിരിക്കും ആ പണി നടത്തുന്നതു്.

ശ്രീ. എം. ഐ. പോൾ: സൌജന്യമായി ഭൂമി ഉടമസ്ഥന്മാർ സ്ഥലം വിട്ടുതന്നില്ലെങ്കിൽ അവിടെ റോഡുണ്ടാക്കേണ്ട എന്നാണോ ഗവണ്മെണ്ടിന്റെ അഭിപ്രായം.

ശ്രീ. ടി. കെ. നാരായണപിള്ള: റോഡിന്റെ ആവശ്യമുണ്ടെങ്കിൽ ഭൂമി സൌജന്യമായി വിട്ടുതന്നില്ലെങ്കിലും റോഡുണ്ടാക്കും. എന്നാൽ സ്ഥലം സൌജന്യമായി വിട്ടു കിട്ടുന്നപക്ഷം പണി പെട്ടെന്നുതന്നെ ഏറെറടുത്തു നടത്താൻ സാധ്യതയുള്ളതുകൊണ്ടു് ഭൂമി സൌജന്യമായി വിട്ടുകിട്ടാൻ മാർഗ്ഗമുണ്ടോ എന്നു് അവിടത്തെ താലൂക്കു കമ്മിറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. താലൂക്കു കമ്മറ്റിയുടെ റിപ്പോർട്ടു വന്നതിനുശേഷം ഉടൻതന്നെ റോഡിന്റെ പണി ആരംഭിക്കണമെന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഭൂമിയുടമസ്ഥന്മാർ സ്ഥലം സൌജന്യമായി വിട്ടുതരാൻ ഒരുക്കമല്ലെന്നു ഗവണ്മെണ്ടു മനസ്സിലാക്കിയാൽ കൊള്ളാം. അതു മനസ്സിലാക്കിക്കൊണ്ടു് ഗവണ്മെണ്ടു റോഡുവെടാൻ ആരംഭിക്കുമോ?

Mr. Speaker: That question is dis allowed.

ശ്രീ. ഈപ്പൻ അറയ്ക്കൽ: തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം സ്ഥലം സൌജന്യമായി വിട്ടുതന്നാൽതന്നെയും റോഡുവെട്ടുന്ന കാര്യത്തിൽ ഗവണ്മെണ്ടു വളരെ അലസമായ ഒരു നയമാണു് സ്വീകരിച്ചു പോരുന്നതു് എന്നറിയാമോ?

Mr. Speaker: That is a matter of opinion.

SEA EROSION IN AZZHIKAL—COCHIN

*1048. [46] **Sri. M. I. Paul:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government have received several representations on the sea erosion in Azzikal—Cochin; and

(*b*) if so, what action has been taken so far ?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Estimates for the work has been prepared. The work will be taken up next year after providing for the same in the 1951—52 budget.

LIBRARY ARCHIVES Kerala Legislative Assembly